5131

നം.എം.4/25990/2018/ഡി.പി.ഐ

5130

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 25.06.2018

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ ജാഗ്രത പകർച്ചവ്യാധി നിയന്ത്രണം - 2018 - സ്ഥാപനതല ശുചീകരണം - സംബന്ധിച്ച്:-

സൂചന : 19.03.2018 ലെ എഫ്.2/16/2018/ആരോഗ്യം നമ്പർ സർക്കാർ കത്ത്.

*****

പകർച്ചവ്യാധി വ്യാപനം തടയുന്നതിന്റെ ഭാഗമായി സ്കൂളുകളിലും, വിദ്യാഭ്യാസ ഓഫീസുകളിലും സ്ഥാപനതല ശുചീകരണം നടത്തുന്നത് സംബന്ധിച്ച മുൻകാല ഉത്തരവുകൾ കർശനമായി പാലിക്കപ്പെടുന്നുണ്ട് എന്ന് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. താഴെപ്പറയുന്ന കാര്യങ്ങൾ ഒരിക്കൽക്കൂടി ഉറപ്പുവരുത്തേണ്ടതാണ്.

- സ്കൂൾ/ഓഫീസ് പരിസരം നിശ്ചിത ഇടവേളകളിൽ പൂർണ്ണമായി ശുചീകരിക്കപ്പെടുന്നുണ്ട്.
- കൊതുകിന്റെ ഉറവിട നശീകരണം ഉറപ്പാക്കുന്നുണ്ട്.
- സ്കൂൾ അസംബ്ലിയിൽ ആരോഗ്യസന്ദേശങ്ങൾ വായിക്കുന്നുണ്ട്.
- കുടിവെള്ള സ്രോതസ്സുകൾ നിശ്ചിത ഇടവേളകളിൽ ശുദ്ധീകരിക്കപ്പെടുന്നുണ്ട്.
- പ്രതിവാര ഡ്രൈഡേ ആചരണം കൃത്യമായി നടത്തപ്പെടുന്നുണ്ട്.
- വെള്ളക്കെട്ടുകൾ പരിപൂർണ്ണമായും ഒഴിവാക്കപ്പെടുന്നുണ്ട്.
- ആരോഗ്യവകുപ്പുമായി ചേർന്ന് സാംക്രമിക രോഗങ്ങളെക്കുറിച്ചുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുന്നുണ്ട്.
- ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് അപ്പർപ്രൈമറി തലം മുതലുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി അവരുടെ വീടുകളിലെ കൊതുകുനിവാരണ പരിപാടികളും ശുദ്ധജല ഉപയോഗവും പൂർണ്ണരൂപത്തിൽ നടപ്പാക്കപ്പെടുന്ന പദ്ധതികളും സംഘടിപ്പിക്കുന്നുണ്ട്.

JIMMY K. JOSE
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി
Addl. Director of Public Instruction
Directorate of Public Instruction
Thiruvananthapuram-14

സ്വീകർത്താവ്,

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ജില്ല-ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ,
എല്ലാ പ്രഥമാദ്ധ്യാപകർക്കും.

വി.സി.